**കേരള സർക്കാർ**

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2020-21 - പൊതു ആവശ്യ ഫണ്ട്/ പരമ്പരാഗത ചുമതലകൾക്കുള്ള ഫണ്ട് - ശബരിമലയ്ക്കു ചുറ്റുമുള്ള 6 ഗ്രാമപഞ്ചായത്തുകൾക്കും ഗുരുവായൂർ മുനിസിപ്പാലിറ്റിയ്ക്കും സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്**

സ.ഉ.(സാധാ) നം. 5549/2020/ധന. തീയതി, തിരുവനന്തപുരം, 29 സെപ്റ്റംബർ 2020

---

പരാമർശം. 1) സ.ഉ (അ) നം.177/2006/ധന തീയതി 12/04/2006
2) സ.ഉ (അ) നം.119/2015/ധന തീയതി 21/03/2015

**ഉത്തരവ്**

ശബരിമലയ്ക്ക് ചുറ്റുമുള്ള 6 ഗ്രാമപഞ്ചായത്തുകൾക്കും ഗുരുവായൂർ മുനിസിപ്പാലിറ്റിക്കും സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കണമെന്ന 5-ാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിക്കുകയും ആയതിൻ പ്രകാരം 2020-21 ലെ ബജറ്റ് വിഹിതത്തിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കുന്ന നടപടി ക്രമങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു:

i. 2020-21 സാമ്പത്തിക വർഷം ബജറ്റ് വിഹിതത്തിൽ മാറ്റിവച്ചിട്ടുള്ള പൊതു ആവശ്യഫണ്ടിൽ നിന്നും ശബരിമലയ്ക്ക് ചുറ്റുമുള്ള എരുമേലി (G051101), ചിറ്റാർ (G030506), റാന്നി-പെരുനാട് (G030504), വടശ്ശേരിക്കര (G030505), സീതത്തോട് (G030507), നാറണാമൂഴി (G030508) എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് 15,00.000/- രൂപ വീതം (പതിനഞ്ച് ലക്ഷം രൂപ മാത്രം) മൊത്തം **90,00,000/- രൂപയും (തൊണ്ണൂറ് ലക്ഷം രൂപ മാത്രം)** മുനിസിപ്പാലിറ്റികൾക്കുള്ള പൊതു ആവശ്യ ഫണ്ടിൽ നിന്നും ഗുരുവായൂർ മുനിസിപ്പാലിറ്റിക്ക് (M080100) **25,00,000/- രൂപയും (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം)** സ്പെഷ്യൽ ഗ്രാന്റായി താഴെ പറയും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| **പ്രാദേശിക സർക്കാർ** | **കണക്ക് ശീർഷകം** | **അനുവദിച്ച തുക (₹)** |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | 3604-00-200-88-(05)-NP | 90,00,000 |
| മുനിസിപ്പാലിറ്റി | 3604-00-200-88-(02)-NP | 25,00,000 |
| **ആകെ** | | **1,15,00,000** |

ii. ഈ ഉത്തരവ് അലോട്ട്മെന്റ് ലെറ്ററായി കണക്കാക്കേണ്ടതാണ്.

iii. ട്രഷറി ഡയറക്ടർ ഈ ഉത്തരവിന്റെ പകർപ്പ് ട്രഷറി ഇൻട്രാനെറ്റ് വഴി എല്ലാ ജില്ലാ/സബ് ട്രഷറി ഓഫീസർമാർക്കും ലഭ്യമാക്കേണ്ടതാണ്.

iv. സ്പെഷ്യൽ ഗ്രാന്റ് സഞ്ചിത നിധിയിൽ നിന്നും പ്രാദേശിക സർക്കാരുകളുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ടി.ആർ 59 (സി) പ്രകാരമുള്ള ബിൽ ട്രഷറികളിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകൾക്ക്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യു-ജെ/ ഡെവലപ്. വിംഗ്, എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1577651)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.